ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 13.07.2024** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മുംബൈയിൽ. 29,400 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.
   **Prime Minister Narendra Modi to launch several developmental projects worth over 29,400 crore rupees in Mumbai today.**

2. ഏഴ് സംസ്ഥാനങ്ങളിലെ 13 നിയമസഭാ സീറ്റുകളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ വോട്ടെണ്ണൽ പുരോഗമിക്കുന്നു. **INDI** സഖ്യകക്ഷികൾക്ക് മുന്നേറ്റം.
   **Counting is in progress for the by-elections to 13 assembly seats in seven states. INDI Allies parties are leading in most seats.**

3. രാജ്യത്തെ ജലഗതാഗത മേഖലയുടെ ഏകീകൃതവും സമഗ്രവുമായ വികസനം ലക്ഷ്യമിട്ട് സംസ്ഥാന ജലഗതാഗത സമിതികളുടെ യോഗം ചൊവ്വാഴ്ച.
   **Meeting of State Water Transport Committees on Tuesday aimed at uniform and comprehensive development of the water transport sector in the country.**

4. ഐ ഐ ടി ഡൽഹിയും പ്രസാർ ഭാരതിയും സംയുക്തമായി സംഘടിപ്പിക്കുന്ന ദ്വിദിന റോബോട്ട് മത്സരം 'ഡിഡി-റോബോകോൺ - ഇന്ത്യ 2024' ന് ഇന്ന് ഡൽഹിയിൽ തുടക്കം.
   **IIT Delhi and Prasar Bharati to host two-day Robot Competition 'DD-Robocon' India 2024 in Delhi from today.**

5. രാജ്യത്ത് പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കേരളത്തിൽ കാലവർഷം വീണ്ടും ശക്തിപ്രാപിക്കുന്നു.

**The Central Meteorological Department has predicted widespread rains in the country. Monsoon is again gaining strength in Kerala.**

6. യൂറോ കപ്പ് ഫുട്ബാൾ കലാശപ്പോരാട്ടത്തിൽ സ്പെയിൻ - ഇംഗ്ലണ്ടിനെ നേരിടും. മത്സരം നാളെ അർധരാത്രി ബെർലിനിൽ.

**Spain will face England in the Euro Cup football final. The match is tomorrow midnight in Berlin.**

&&&&&&&&&&&&&&&&

# HEADLINE – 1
## PM MUMBAI VISIT

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മുംബൈ സന്ദർശിക്കും. ഗോരേഗാവിലെ നെസ്കോ എക്സിബിഷൻ സെൻ്ററിൽ 29,400 കോടി ചെലവിട്ട് നിർമ്മിക്കുന്ന റോഡ്, റെയിൽവേ, തുറമുഖ പദ്ധതികൾക്ക് തുടക്കം കുറിക്കും. വൈകുന്നേരം ഇന്ത്യൻ ന്യൂസ് സർവീസ് സെക്രട്ടേറിയറ്റിൽ ഐഎൻഎസ് ടവേഴ്സ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. താനെ ബോറിവലി ടണൽ പദ്ധതി, ഗോരേഗാവ്- മുളുന്ദ് ലിങ്ക് റോഡ് പദ്ധതിയുടെ തുരങ്ക നിർമ്മാണം , നവി മുംബൈയിലെ കല്യാൺ യാർഡ് പുനർനിർമ്മാണം, ഗതി ശക്തി മൾട്ടി മോഡൽ കാർഗോ ടെർമിനൽ എന്നിവയ്ക്ക് അദ്ദേഹം തറക്കല്ലിടും. ലോകമാന്യ തിലക് ടെർമിനസിലെ പുതിയ പ്ലാറ്റ്ഫോമുകളും ശ്രീ മോദി രാജ്യത്തിന് സമർപ്പിക്കും. യുവജനങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ ലക്ഷ്യമിട്ടുള്ള 5,600 കോടി രൂപയുടെ മുഖ്യമന്ത്രി യുവ കാര്യ പ്രതീക്ഷൻ യോജനയും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&

## HEADLINE – 2
## COUNTING-ASSEMBLY BY-POLLS

ഏഴ് സംസ്ഥാനങ്ങളിലെ 13 നിയമസഭാ സീറ്റുകളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ പുരോഗമിക്കുന്നു. ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ അഞ്ചിടങ്ങളിൽ കോൺഗ്രസ്സ്, നാലിടങ്ങളിൽ തൃണമൂൽ കോൺഗ്രസ്സ്, ഓരോയിടത്ത് വീതം ബി ജെ പി, ജെ ഡി യു, ഡി എം കെ എന്നിവർ ലീഡ് ചെയ്യുന്നു. പഞ്ചാബിലെ ജലന്ദർ വെസ്റ്റിൽ ആം ആദ്മി പാർട്ടി സ്ഥാനാർഥി വിജയിച്ചു. പശ്ചിമ ബംഗാളിലെ റായ്ഗഞ്ച്, റാണഘട്ട് ദക്ഷിൺ, ബാഗ്ദ, മണിക് തല ഹിമാചൽ പ്രദേശിലെ ഡെഹ്റ, ഹാമിർപൂർ, നലഗഡ്, ഉത്തരാഖണ്ഡിലെ ബദരീനാഥ്, മംഗളൂർ; ബിഹാറിലെ രൂപൗലി, മധ്യപ്രദേശിലെ അമർവാര, തമിഴ്നാട്ടിലെ വിക്രവണ്ടി, പഞ്ചാബിലെ ജലന്ധർ വെസ്റ്റ് എന്നിവിടങ്ങളിലേക്കാണ് ബുധനാഴ്ച വോട്ടെടുപ്പ് നടന്നത്. ഹിമാചൽ പ്രദേശിലെ മൂന്ന് മണ്ഡലങ്ങളിൽ രണ്ടിടത്ത് കോൺഗ്രസ്സും, ഒരിടത്ത് ബി ജെ പി യുമാണ് മുന്നിൽ. പശ്ചിമ ബംഗാളിലെ നാലിടത്തും ടി എം സി ക്കാണ് ലീഡ്.

&&&&&&&&&&&&&&&&

## HEADLINE – 3
## REV: GOVT - MARITIME AND WATERWAYS

കേന്ദ്ര തുറമുഖ- ഷിപ്പിംഗ് മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ, സംസ്ഥാന ജലഗതാഗത സമിതികളുടെ യോഗം ചൊവ്വാഴ്ച സംഘടിപ്പിക്കും. സംസ്ഥാനതല ജലഗതാഗത മാസ്റ്റർ പ്ലാനുകൾ, ക്രൂയിസ് ടൂറിസം, നഗര ജലഗതാഗതം, മാരിടൈം നയങ്ങളുടെ രൂപീകരണം തുടങ്ങിയവ, വിദൂര ദൃശ്യ സംവിധാനത്തിലൂടെ നടക്കുന്ന യോഗം ചർച്ച ചെയ്യും. രാജ്യത്തെമ്പാടുമുള്ള

ജലഗതാഗത മേഖലയുടെ ഏകീകൃതവും സമഗ്രവുമായ വികസനം ലക്ഷ്യമിട്ടാണ് യോഗം.

&&&&&&&&&&&&&&&&&&

## HEADLINE – 4
## DD- ROBOCON

ഐ ഐ ടി ഡൽഹിയും പ്രസാർ ഭാരതിയും സംയുക്തമായി സംഘടിപ്പിക്കുന്ന ദ്വിദിന റോബോട്ട് മത്സരം 'ഡിഡി-റോബോകോൺ - ഇന്ത്യ 2024' ന് ഇന്ന് ഡൽഹിയിൽ തുടക്കം. ത്യാഗരാജ് സ്റ്റേഡിയത്തിൽ നടക്കുന്ന പരിപാടിയിൽ രാജ്യത്തെ 45-ലധികം കോളേജുകൾ, സ്ഥാപനങ്ങൾ, സർവകലാശാലകൾ എന്നിവിടങ്ങളിൽ നിന്നുള്ള 750-ലധികം വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. വിജയികളാകുന്ന ടീം, വിയറ്റ്നാമിൽ നടക്കുന്ന അന്താരാഷ്ട്ര ഏഷ്യ-പസഫിക് ബ്രോഡ്കാസ്റ്റിംഗ് യൂണിയൻ Robocon 2024-ൽ ഇന്ത്യയെ പ്രതിനിധീകരിക്കും. വിദ്യാർത്ഥികളുടെ എൻജിനീയറിങ്, റോബോട്ടിക്സ് കഴിവുകൾ പ്രദർശിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള വേദിയാണ് മത്സരം.

&&&&&&&&&&&&&&&&&&

## OM BIRLA

ലോക് സഭാ സ്പീക്കർ ഓം ബിർള വിവിധ രാഷ്ട്ര പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി. പത്താം ബ്രിക്സ് പാർലമെന്ററി സമ്മേളനത്തിന്റെ ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിക്കുന്നത് ലോക് സഭാ സ്പീക്കർ ആണ്. അതിന്റെ ഭാഗമായി ഇന്നലെ വൈകിട്ട് റഷ്യയിലെ സെന്റ് പീറ്റേഴ്സ് ബർഗിൽ അദ്ദേഹം താജിക്കിസ്ഥാൻ, കസാക്കിസ്ഥാൻ, ബെലാറസ്, ഈജിപ്ത്, ഉസ്ബെക്കിസ്ഥാൻ എന്നീ രാജ്യങ്ങളിലെ

പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി. താജിക്കിസ്ഥാൻ പ്രതിനിധിയുമായി നടത്തിയ ഉഭയകക്ഷി ചർച്ചയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള ചരിത്രപരവും സാംസ്കാരികവുമായ ബന്ധവും പാർലമെൻററി സൗഹൃദ ഗ്രൂപ്പിൻറെ രൂപീകരണത്തിലൂടെ പാർലമെൻ്ററി സഹകരണം വർദ്ധിപ്പിക്കേണ്ടതിൻറെ ആവശ്യകതയും ബിർള ഊന്നിപ്പറഞ്ഞു.

&&&&&&&&&&&&&&&&

## GEORGE KURIAN

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് വൈകിട്ട് കണ്ണൂർ പയ്യാമ്പലത്തെ മാരാർജി സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തും. മുതിർന്ന ബി.ജെ.പി. നേതാവ് സി.കെ.പദ്മനാഭന്റെ വീടും അദ്ദേഹം സന്ദർശിക്കും. വൈകിട്ട് ഏഴ് മണിക്ക് ബി.ജെ.പി ജില്ലാ നേതാക്കളുമായി ആദ്ദേഹം മാരാർജി ഭവനിൽ കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&

## WAVES 2024

ലോക ശ്രവ്യ-ദൃശ്യ വിനോദ ഉച്ചകോടി, 'വേവ്സ് 2024' ന് നാന്ദി കുറിച്ച് കൊണ്ടുള്ള പരിപാടി ഇന്ന് ന്യൂ ഡൽഹിയിൽ. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വനി വൈഷ്ണവ്, സഹമന്ത്രി എൽ മുരുഗൻ എന്നിവരാണ് മുഖ്യ അതിഥികൾ.

&&&&&&&&&&&&&&&&

## KARNATAKA - CAUVERY WATER

കാവേരി നദിയിലെ ജലം തമിഴ്നാട്ടിലേക്ക് തുറന്ന് വിടണമെന്ന കാവേരി വാട്ടർ റെഗുലേറ്ററി കമ്മിറ്റിയുടെ

ഉത്തരവിനെതിരെ അപ്പീൽ നൽകാൻ കർണാടക സർക്കാർ തീരുമാനിച്ചു. ജലസംഭരണികളിൽ വെള്ളം കുറവായതിനാൽ തമിഴ് നാടിന് ജലം നൽകാനുള്ള സാഹചര്യം ഇപ്പോൾ ഇല്ലെന്ന് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ പറഞ്ഞു. ഇത് സംബന്ധിച്ച് ബംഗളൂരുവിൽ ചേർന്ന സർവകക്ഷി യോഗത്തിലാണ് മുഖ്യമന്ത്രി തീരുമാനം അറിയിച്ചത്. കാവേരിയുടെ കുറുകെയുള്ള നാല് ഡാമുകളിലും നീരൊഴുക്ക് 28 ശതമാനത്തോളം കുറഞ്ഞിട്ടുണ്ട്. നിലവിൽ കൃഷിക്ക് ആവശ്യമായ ജലം മാത്രമാണ് ഡാമുകളിൽ ഉള്ളതെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&

## HEADLINE – 6
## EURO AND COPA FINALS

യൂറോ കപ്പ് ഫുട്ബാൾ കലാശപ്പോരാട്ടത്തിൽ നാളെ സ്പെയിൻ ഇംഗ്ലണ്ടിനെ നേരിടും. നാളെ അർധരാത്രി ബെർലിനിലാണ് മത്സരം. നാലാം കിരീടം ലക്ഷ്യമിട്ടാണ് സ്പെയിൻ ഇറങ്ങുന്നത്. ഇംഗ്ലണ്ടിന് തുടർച്ചയായ രണ്ടാം ഫൈനൽ ആണ് ഇത്. കോപ്പ അമെരിക്ക ഫുട്ബോളിൽ നാളെ നടക്കുന്ന മത്സരത്തിൽ യുറുഗ്വേ - കാനഡയെയും മറ്റന്നാളത്തെ മത്സരത്തിൽ അർജെന്റിന - കൊളംബിയയെയും നേരിടും.

&&&&&&&&&&&&&&&&

## CRICKET- INDIA VS ZIMBABWE

ഇന്ത്യ-സിംബാബ്‌വെ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന്. സിംബാബ്‌വെയിലെ ഹരാരെയിൽ ഇന്ന് വൈകുന്നേരമാണ് മത്സരം. അഞ്ചു മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലാണ്. ആദ്യ മത്സരത്തിൽ

സിംബാബ്‌വെ 13 റൺസിന് വിജയിച്ചിരുന്നു. മറ്റ് രണ്ടു മത്സരങ്ങളിലും ഇന്ത്യ ജയിച്ചു. നാളെയാണ് പരമ്പരയിലെ അവസാന മത്സരം.

&&&&&&&&&&&&&&&&

## WIMBLEDON

വിംബിൾഡൺ ടെന്നീസിൽ ഇന്ന് നടക്കുന്ന വനിതാ സിംഗിൾസ് ഫൈനലിൽ ചെക് റിപ്പബ്ലിക് താരം ബാർബൊറ ക്രെച്ചിക്കോവ ഇറ്റലിയുടെ ജാസ്മിൻ പവോലിനിയെ നേരിടും. പുരുഷ സിംഗിൾസിൽ നാളെ നൊവാക് ജോക്കോവിച്ച് കാർലോസ് അൽകാരസുമായി ഏറ്റുമുട്ടും. ഇറ്റലിയുടെ ലോറെൻസോ മുസെറ്റിയെ തോൽപ്പിച്ചാണ് ജോക്കോവിച്ച് ഫൈനലിൽ എത്തിയത്. റഷ്യൻ താരം ഡാനിൽ മെദ്‌വദേവിനെ തോൽപ്പിച്ച് അൽകാരാസും ഫൈനലിലെത്തി.

&&&&&&&&&&&&&&&&

## HEADLINE – 5
## IMD- WEATHER

രാജ്യത്ത് പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കൊങ്കൺ, ഗോവ, മധ്യമഹാരാഷ്ട്ര, കർണാടക,ഗുജറാത്ത്, തെലങ്കാന, രായലസീമ, സൗരാഷ്ട്ര, കച്ച് എന്നിവിടങ്ങളിൽ അടുത്ത മൂന്ന് ദിവസങ്ങളിൽ കനത്ത മഴ പെയ്യുമെന്ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് പ്രവചനം. അതെ സമയം അസം, മേഘാലയ, ഒഡീഷ, പശ്ചിമ ബംഗാൾ, സിക്കിം, ബിഹാർ, ഉത്തരാഖണ്ഡ്, കിഴക്ക്, പടിഞ്ഞാറൻ ഉത്തർപ്രദേശ്, അരുണാചൽ പ്രദേശ് എന്നിവിടങ്ങളിൽ നാളെ വരെ കനത്ത മഴയ്ക്ക് സാധ്യത. രാജസ്ഥാൻ, ജാർഖണ്ഡ്, ഛത്തീസ്ഗഡ്, ഹിമാചൽ പ്രദേശ്, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ,

നാഗാലാൻഡ്, മണിപ്പൂർ എന്നിവിടങ്ങളിലെ ചില ഭാഗങ്ങളിലും ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. അടുത്ത അഞ്ച് ദിവസങ്ങളിൽ ആന്ധ്രാപ്രദേശ്, യാനം, തെലങ്കാന, മറാത്ത്വാഡ, തമിഴ്നാട് എന്നിവിടങ്ങളിൽ നേരിയതോ മിതമായതോ ആയ മഴയ്ക്ക് സാധ്യതയുണ്ട്.

&&&&&&&&&&&&&&&&

## HEADLINE – 5 (A)
## RAIN - KERALA

ന്യൂനമർദ്ദ പാത്തിയുടെ സ്വാധീനത്താൽ കേരളത്തിൽ വ്യാപക മഴ തുടരുന്നു. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, മലപ്പുറം, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&

## SABARIMALA OPENING

കർക്കടക മാസ പൂജകൾക്കായി ശബരിമല നട മറ്റന്നാൾ വൈകിട്ട് അഞ്ചിന് തുറക്കും. നട തുറക്കുന്ന ദിവസം പൂജകൾ ഉണ്ടാകില്ല. കർക്കടകം ഒന്നായ 16 മുതൽ നട അടയ്ക്കുന്ന 20ന് രാത്രി വരെ പൂജകൾ നടക്കും. വെർച്വൽ ക്യൂ വഴി ബുക്ക് ചെയ്ത് ദർശനം നടത്താം. ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് കെ എസ് ആർ ടി സി പ്രത്യേക സർവ്വീസുകൾ നടത്തും.

&&&&&&&&&&&&&&&&

## J AND K - TEMPLE REOPENING

ജമ്മു കശ്മീരിലെ അനന്തനാഗ് ജില്ലയിലെ അതി പുരാതനമായ ഉമാഭാഗവതി ക്ഷേത്രം 34 വർഷങ്ങൾക്ക് ശേഷം തുറക്കുന്നു. കശ്മീർ താഴ്വരയിൽ 1990 ൽ ഉണ്ടായ സാമുദായിക ലഹളയ്ക്ക് ശേഷം അടച്ചിട്ട ക്ഷേത്രനട സ്ഥലത്തെ പൊതുജനങ്ങളുടെ സഹകരണത്തോടെയാണ് വീണ്ടും തുറക്കുന്നത്. മുൻപ് ധാരാളം ഭക്തജനങ്ങൾ എത്തിയിരുന്ന ഈ ക്ഷേത്രം ഇന്ന് സാമുദായിക ഐക്യം വിളിച്ചോതുന്ന ആരാധനാലയമായി എന്ന് ആകാശവാണി ജമ്മു ലേഖകൻ റിപ്പോർട്ട് ചെയ്യുന്നു. അഞ്ച് നീരുറവകൾക്ക് നാടുവിലയാളാണ് ക്ഷേത്രത്തിലെ ഉമാ ഭഗവതി പ്രതിഷ്ഠ.

&&&&&&&&&&&&&&&&&

## RURAL ROADS

ത്രിപുര, അസം സംസ്ഥാനങ്ങളിലെ നൂറ്റി ഇരുപതോളം ഗ്രാമീണ റോഡ് പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൻറെ അനുമതി. പ്രധാൻ മന്ത്രി ഗ്രാമീണ റോഡ് പദ്ധതിക്ക് കീഴിലാണ് 681 കിലോമീറ്റർ ദൈർഘ്യമുള്ള റോഡുകളും പതിനാല് പാലങ്ങളും നിർമിക്കാൻ അനുമതി നല്കിയത്. 492 കോടി രൂപ ചിലവിലാണ് നിർമാണം. വടക്കു കിഴക്കൻ മേഖലയിലെ ഗ്രാമീണ കണക്റ്റിവിറ്റി, സാമ്പത്തിക വികസനം എന്നിവയ്ക്ക് ഈ റോഡുകൾ സഹായകമാകുമെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കി. ത്രിപുരയിലെ ദുർബല ഗോത്രവിഭജഗങ്ങളുടെ ഉന്നമനത്തിനും ഇവ ചാലകശക്തിയാകുമെന്ന് ഗ്രാമീണ വികസന മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&

## AMARNATH YATRA

അമർനാഥ് ഗുഹാക്ഷേത്രത്തിലേക്ക് 4669 പേരടങ്ങുന്ന പുതിയൊരു തീർഥാടക സംഘം ജമ്മുവിൽ നിന്നും, കശ്മീർ താഴ്‌വരയിലേക്ക് പുറപ്പെട്ടു. ഇന്ന് പുലർച്ചെയാണ് തീർഥാടകർ ബേസ് ക്യാമ്പിൽ നിന്ന് പുറപ്പെട്ടത്. 3418 പുരുഷന്മാരും 1130 സ്ത്രീകളും 23 കുട്ടികളും കൂടാതെ സന്യാസിമാരും ഉൾപ്പെടുന്നതാണ് തീർത്ഥാടക സംഘം.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&